ഓംബുഡ്സ്മാന്റെ ഔദ്യോഗിക കാലാവധി നീട്ടാൻ നടപടി

141 (1611) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാന്റെ ഔദ്യോഗിക കാലാവധി എന്നാണ് തീരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ ഓംബുഡ്സ്മാനെ നിയമിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങളാണ് നാളിതുവരെ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള ഓംബുഡ്സ്മാന്റെ ഔദ്യോഗിക കാലാവധി നീട്ടിക്കൊടുക്കുന്നതിലേക്ക് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 16-3-2011-ൽ അവസാനിക്കും.

(ബി) പുതിയ ഓംബുഡ്സ്മാനെ നിയമിക്കുന്നതിനുള്ള നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

ഭവനനിർമ്മാണവായ്പ എടുത്തവരുടെ കടം എഴുതിത്തള്ളാൻ നടപടി

142 (1612) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വികസന അതോറിറ്റിയിൽ നിന്നും വർഷങ്ങൾക്കുമുമ്പ് ഭവനനിർമ്മാണവായ്പ എടുത്തവരുടെ കടം എഴുതിത്തള്ളണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്രപേരുടെ വായ്പയാണ് കുടിശ്ശികയായി നിലനിൽക്കുന്നത് എന്ന കാര്യം അറിയിക്കുമോ ;

(സി) വർഷങ്ങളായി തിരിച്ചടയ്ക്കുവാൻ കഴിയാത്തവരുടെ കടം എഴുതിത്തള്ളുന്നതിന് സത്വര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) 21-11-2009-ലെ സഉ.(എംഎസ്.) 222/09/തസ്വഭവ നമ്പർ സർക്കാർ ഉത്തരവനുസരിച്ച് കണ്ണൂർ വികസന അതോറിറ്റിയിൽനിന്ന് ഭവനവായ്പ എടുത്തിട്ടുള്ള എഴുപത്തിരണ്ട് ഇ.ഡബ്ലിയു.എസ്. വിഭാഗക്കാരുടെ ബാദ്ധ്യത എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണൂർ നഗരസഭാപരിധിയിൽ ഇരുപത്തിയൊന്ന് പേരുടേയും പഞ്ചായത്ത് അധികാരപരിധിയിൽ 143 പേരുടേയും വായ്പയാണ് കുടിശ്ശികയായി നിലനിൽക്കുന്നത്.

(സി) വർഷങ്ങളായി കടം തിരിച്ചടയ്ക്കുവാൻ കഴിയാത്ത ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ കടം 21-11-2009-ലെ സ.ഉ.(എംഎസ്.)222/09/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്. കൂടാതെ നിർത്തലാക്കിയതും നിലവിലുള്ളതുമായ വികസന അതോറിറ്റികളിൽനിന്നും എൽ.ഐ.ജി., എം.ഐ.ജി., എച്ച്.ഐ.ജി. വിഭാഗത്തിൽ ഭവനവായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി പ്രകാരം എൽ.ഐ.ജി. വിഭാഗക്കാർക്ക് പിഴപ്പലിശ പൂർണ്ണമായും എം.ഐ.ജി., എച്ച്.ഐ.ജി. വിഭാഗക്കാർക്ക് പിഴപ്പലിശയുടെ 50% ഇളവ് നൽകിക്കൊണ്ടും കുടിശ്ശിക തീർപ്പാക്കുന്നതിന് 7-8-2010-ലെ സ.ഉ.(സാധാ.)2614/10/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. കൂടാതെ ടി പദ്ധതിയുടെ ആനുകൂല്യം മൂന്ന് മാസത്തേക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് 6-11-2010-ലെ സ.ഉ.(സാധാ)3493/10/തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ആനുകൂല്യം 6-2-2011-ൽ അവസാനിച്ചു.

തിരുവനന്തപുരം നഗരത്തിന്റെ മാസ്റ്റർ പ്ലാൻ

143 (1613) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിന്റെ മാസ്റ്റർ പ്ലാൻ എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കുമോ ;

(ബി) ഇതിനുള്ള കാലതാമസത്തിനുള്ള കാരണം അറിയിക്കുമോ ;

(സി) സമയബന്ധിതമായി ഇത് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിന്റെ മാസ്റ്റർ പ്ലാനിന്റെ കരട് 2011 ജൂലായ് മാസം അന്തിമ രൂപത്തിലാകുന്നതാണ്.

(ബി) 2010-ൽ ചുറ്റുമുള്ള ചില പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തി തിരുവനന്തപുരം നഗരത്തിന്റെ വിസ്തൃതി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഒരു വിശാല നഗര പ്രദേശത്തിനുള്ള മാസ്റ്റർ പ്ലാനാണ് ഇപ്പോൾ തയ്യാറാക്കിവരുന്നത്. ഇത് ഒരുപരിധിവരെ കാലതാമസത്തിന് കാരണമായിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.എഫ്.ഇ. ശാഖ തുടങ്ങുന്നതിന് നടപടി

144 (1614) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിൽ കെ.എസ്.എഫ്.ഇ.-യുടെ ശാഖ തുടങ്ങുന്നതിന് സ്ഥലമനുവദിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഭരണസമിതി നിവേദനം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly